ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ സെലക്ഷൻ ഗ്രേഡും സീനിയർ ഗ്രേഡും അസിസ്റ്റന്റുമാർ, നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാർ എന്നിവരിൽ നിന്നുമാണ് ബി.ഡി.ഒ. തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുന്നത്.

(ഇ) ഇതുസംബന്ധിച്ച 16-2-2011-ലെ സ്പെഷ്യൽ റൂൾ ജി.ഒ.(പി)നമ്പർ 44/2011/എൽ.എസ്.ജി.ഡി. അനുസരിച്ച് മുകളിൽ കൊടുത്ത രീതിയിൽ നൽകുന്നുണ്ട്.

(എഫ്) ബാധകമല്ല.

മിഷൻ 676-ഗ്രാമീണ മേഖലയിൽ വികസന മുന്നേറ്റ പദ്ധതി

70 (1506) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ വികസന മുന്നേറ്റത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) മിഷൻ 676 -ൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളായ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിര ആവാസ് യോജന എന്നിവ നിലവിൽ വകുപ്പുവഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ഇത് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിച്ചുമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ ഈ പദ്ധതികൾക്ക് പ്രത്യേക രൂപരേഖ തയ്യാറാക്കേണ്ടതില്ല. കൂടാതെ പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത വർഷത്തെ പ്ലാനിൽ 7 കോടി രൂപ വകയിരുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പരപ്പ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിലേക്കായി 33,69,360 രൂപ ആദ്യ ഗഡുവായി നൽകിയിട്ടുണ്ട്. പനമരം ബ്ലോക്ക് പഞ്ചായത്തിന് കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു. മറ്റ് നാല് ബ്ലോക്ക് പഞ്ചായത്തുകളും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികളെടുത്തു വരുന്നു.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കാലേക്കൂട്ടിത്തന്നെ വാർഷിക പദ്ധതികൾ തയ്യാറാക്കുകയും പദ്ധതി പുനരവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

വാമനപുരത്തെ പി.എം.ജി.എസ്.വൈ. റോഡുകൾ

71 (1507) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പത്തുവർഷക്കാലത്തിനിടെ PMGSY പദ്ധതിപ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത് ; ഇവയുടെ പേരും തുകയും എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഇക്കാലയളവിൽ ടെണ്ടർ ചെയ്ത് പണി പൂർത്തിയാക്കിയ റോഡുകൾ, പാതിവഴിയിൽ പണി ഉപേക്ഷിക്കപ്പെട്ട റോഡുകൾ, പണി ആരംഭിക്കാത്ത റോഡുകൾ, എന്നിവയും ഇതിനുള്ള കാരണങ്ങളും വിശദമാക്കുമോ ;

(സി) PMGSY പദ്ധതിപ്രകാരം ഏറ്റെടുത്ത റോഡുകളുടെ പണി വർഷങ്ങളായി നടക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും ഫണ്ടുകളുപയോഗിച്ച് ഇത്തരം റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) വാമനപുരം മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന PMGSY റോഡുകൾ ഏതെങ്കിലും റീ-ടെണ്ടർ ചെയ്തിട്ടുണ്ടോ ; ഇവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly